LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ലയിലെ ഇരിണാവ് പാലം നിർമ്മാണം

233 (4587) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ നിർദ്ദിഷ്ട ഇരിണാവ് പാലം നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് അറിയിക്കുമോ ;

(ഡി) പ്രവൃത്തി അടിയന്തരമായി ആരംഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ ഇരിണാവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി.

(ബി) പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിയശേഷം എസ്റ്റിമേറ്റ് അംഗീകരിക്കേണ്ടതുണ്ട്. അതിനുശേഷം സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്താൽ മാത്രമേ പണി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(സി) പാലത്തിനോട് ചേർന്നുള്ള സ്ഥലം ലഭ്യമായിട്ടില്ല.

(ഡി) പ്രവൃത്തി ആരംഭിക്കുന്നതിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി അലൈൻമെന്റ് (രൂപരേഖ) അംഗീകരിച്ചിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള വിവരങ്ങൾ ശേഖരിച്ചുകഴിഞ്ഞു.

കാരിച്ചാൽപ്പാലം മുതൽ പായിപ്പാട്ട് പാലം വരെ പി.ഡബ്ല്യു.ഡി. റോഡിന്റെ വീതി കൂട്ടുന്നതിന് നടപടി

234 (4588) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീയപുരം പഞ്ചായത്തിൽ കാരിച്ചൽ പാലം മുതൽ പായിപ്പാട്ട് പാലം വരെ പി.ഡബ്ല്യു.ഡി റോഡിന്റെ വീതി കൂട്ടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) റോഡിനിരുവശത്തുമുള്ള കടകൾക്ക് നഷ്ടപരിഹാരം അനുവദിച്ചോ എന്നും എത്രപേർക്ക് എത്ര തുക വീതം അനുവദിച്ചെന്നും വ്യക്തമാക്കുമോ ;